LIBRARY ARCHIVES Kerala Legislative Assembly

സന്നദ്ധത അറിയിച്ചതനുസരിച്ച് സ.ഉ.(സാധാ) 2907/15/പൊ.വി.വ. തീയതി 23-6-2015 പ്രകാരം ഒന്നാംഘട്ട പാഠപുസ്തകങ്ങളിൽ ശേഷിച്ച അച്ചടി 2015 ജൂലൈ 20-നകം പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ കെ.ബി.പി.എസ്-നെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. 6-6-2015-ന് തയ്യാറാക്കിയ ടെണ്ടർ നോട്ടീസ് 7-6-2015-ന് വൈകുന്നേരം 5.16-ന് ഇ-ടെണ്ടറായി അപ്‌ലോഡ് ചെയ്യുകയും ഹിന്ദു, മംഗളം ദിനപ്പത്രത്തിൽ മാത്രം 8-6-2015-ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. കേരളത്തിൽ പ്രചാരത്തിലുള്ള പ്രമുഖ ദിനപത്രങ്ങളെ ഒഴിവാക്കിയ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറുടെ നടപടി മനഃപൂർവ്വമായി കാണുന്നു. സ്റ്റോർ പർച്ചേയ്സ് മാന്വൽ 2013 സെക്ഷൻ 7.13 പ്രകാരം ടെണ്ടർ നോട്ടിഫിക്കേഷന് വ്യാപക പ്രചാരണം നൽകേണ്ടതാണ്. ടെണ്ടർ ഉറക്കുന്നതിനുള്ള സമയം, തീയതി, ജോലിയുടെ അടിയന്തര സ്വഭാവം, ടെണ്ടർ കാലയളവ് വെട്ടിച്ചുരുക്കൽ, നിരതദ്രവ്യം അടയ്ക്കുന്നതിനുള്ള കുറഞ്ഞ സമയം, എന്നിവ സംബന്ധിച്ച വിവരങ്ങൾ വിന്റോ പരസ്യത്തിൽ നൽകാതിരുന്ന മാനേജിംഗ് ഡയറക്ടറുടെ നടപടികൾ ഉരുതര വീഴ്ചയാണ്. ലേലം സംബന്ധിച്ച വിവരങ്ങൾ രഹസ്യമായി സൂക്ഷിച്ച സി-ആപ്റ്റ് മാനേജരുടെ പ്രവർത്തി കുറ്റകരം തന്നെയാണ്. ഈ കാര്യങ്ങളാണ് ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. ശ്രീ. സജിത്ത് വിജയരാഘവൻ ആയിരുന്ന സി-ആപ്റ്റിന്റെ മാനേജിംഗ് ഡയറക്ടർ. M/s മണിപ്പാൽ ടെക്നോളജീസ് ലിമിറ്റഡിന് കൂടിയതുപയ്ക്ക് ടെണ്ടർ ഏൽപ്പിച്ച നടപടി സംശയമുളവാക്കുന്നതിനാലും മാനേജിംഗ് ഡയറക്ടർ എന്ന നിലയ്ക്ക് ശ്രീ. സജിത്ത് വിജയരാഘവൻ ആർജ്ജിച്ച സ്വത്തുകളിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുവാൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരിക്കുന്നു. ആയതിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് തുടർ നടപടി സ്വീകരിച്ചുവരുന്നു. സി-ആപ്റ്റ് മുഖേന അച്ചടി നടക്കുകയുണ്ടായില്ല.

(ജി) ഈ സർക്കാരിന്റെ കാലത്ത് പാഠപുസ്തകങ്ങൾ നശിപ്പിച്ചതായി അറിവില്ല.

പാഠപുസ്തക അച്ചടിയിലെ ക്രമക്കേട്

75(2934) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട് സി-ആപ്റ്റിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ നടന്നിട്ടുള്ളതായുള്ള ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സി-ആപ്റ്റ് എം.ഡി.യെ പുറത്താക്കാൻ ധനകാര്യ പരിശോധനാ വിഭാഗം ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സി-ആപ്റ്റ് എം.ഡി.-യെ ടിയാളുടെ മാതൃ സ്ഥാപനത്തിലേക്ക് തിരികെ അയയ്ക്കുവാൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടികൾ ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പിന്റെ ഫയലിൽ സ്വീകരിച്ച് വരുന്നു.

അയോഗ്യരും അഴിമതിക്കാരുമായ സ്ഥാപന മേധാവികൾ

76(2935) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന വിവിധ സ്ഥാപനങ്ങളിൽ അയോഗ്യരും അഴിമതിക്കാരുമായ ഉദ്യോഗസ്ഥരെ സ്ഥാപന മേധാവികളായി നിയമിക്കുന്നത് സംബന്ധിച്ച് ആക്ഷേപമുയർന്നിട്ടുണ്ടോ ;

(ബി) ഓപ്പൺ സ്കൂൾ സ്റ്റേറ്റ് കോ-ഓർഡിനേറ്ററായി നിയമിക്കപ്പെടുന്നതിന് വേണ്ട യോഗ്യത എന്താണ്; പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീ. പി. അബ്ദുൾ ജലീലിന് നിർദ്ദിഷ്ട യോഗ്യതയുണ്ടോ ;

(സി) ശ്രീ. പി. അബ്ദുൾ ജലീൽ കോ-ഓർഡിനേറ്ററായി ചുമതലയേറ്റതിനു ശേഷം സ്ഥാപനത്തിൽ ഫണ്ട് ക്രമക്കേട് നടന്നതായി പരാതി ഉയർന്നിട്ടുണ്ടോ ; ധനകാര്യ പരിശോധനാ വിഭാഗവും വിജിലൻസും ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് ആരുടെയെല്ലാം പേരിൽ ലോകായുക്തയിൽ കേസ് ഉണ്ടെന്നറിയിക്കുമോ ;

(ഡി) ഓപ്പൺ സ്കൂളിനെ പുനഃസംഘടിപ്പിച്ച് രൂപീകരിച്ച സ്കോൾ കേരളയുടെ ഡയറക്ടർ സ്ഥാനത്തേക്ക് ശ്രീ. പി. അബ്ദുൾ ജലീലിനെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഇ) എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ നിയമനം സംബന്ധിച്ച് ആക്ഷേപം ഉയർന്നിട്ടുണ്ടോ ; സർക്കാർ സർവ്വീസിലുള്ളവരെ മാത്രം നിയമിക്കുന്ന ഈ തസ്തികയിൽ എയ്ഡഡ് മേഖലയിൽ നിന്നുള്ള ഡോ. പി. എ. ഫാത്തിമയെ നിയമിക്കാനിടയായ സാഹചര്യം വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.